(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
തീയതി:29.08.2017

നം.കെ.എസ്.എ-ഐ.ഡി.കെ-6/1158/2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത്
സർ,

വിഷയം: വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് -2016-2017 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേയും ഭാഗം 3ലേയും ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഐ.ഡി.കെ-6/1158/2017 തീയതി: 29.08.2017

# ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം -
വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 15-11-2016 മുതൽ 04.08.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി.സിനി.എം.വി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.08.2017 മുതൽ 11.08.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എം.റ്റി സോമൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. വി.ജി സജിമോൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജോസഫ് ചാക്കോ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ബിനുമോൻ കെ.സി | ഓഡിറ്റർ |

(ബി) നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ശാന്തി ഹരിദാസ് | 1-4-2016മുതൽ 31-3-2017വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.പി.വിജയകുമാർ | 01-04-2016മുതൽ 27-12-2016വരെ |
| | ശ്രീ.ആർ.വർഗീസ് (അസി.സെക്രട്ടറി സെക്രട്ടറിയുടെ ചാർജ്ജ്) | 28-12-2016 മുതൽ 29-12-2016 വരെ |
| | ശ്രീ.വി.കെ.സുബാഷ് | 30-12-2016 മുതൽ 14-02-2017വരെ |
| | ശ്രീ.എ.അനിൽകുമാർ (അസി.സെക്രട്ടറി സെക്രട്ടറിയുടെ ചാർജ്ജ്) | 15-02-2017മുതൽ 21-02-2017വരെ |
| | ശ്രീ.ജോർജ്ജ് ജോസഫ് | 22-02-2017മുതൽ 31-03-2017വരെ |
| മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ്എഞ്ചിനീയർ | ശ്രീ.എൽദോസ് പോൾ | 01-04-2016മുതൽ<br>11-07-2016 വരെ |
| | ശ്രീ.റ്റി.ആർ രമേശൻ | 12-07-2016 മുതൽ<br>31-3-2017 വരെ |
| കൃഷി ആഫീസർ | ബോൺസി ജോസഫ് | 01-04-2016 മുതൽ<br>31-12-2016 വരെ |
| | ലിനറ്റ് ജോർജ്ജ് | 01-01-2017 മുതൽ<br>31-3-2017 വരെ |
| മെഡിക്കലാഫീസർ<br>(ആരോഗ്യം) | ഡോ.ഡോൺ ബോസ്കോ | 01-04-2016 മുതൽ<br>31-3-2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.മുരികേശൻ | 01-04-2016 മുതൽ<br>30-12-2016 വരെ |
| | ഡോ.ജ്യോതിസ് കെ.എം | 31-12-2016 മുതൽ<br>31-03-2017 വരെ |

| | | |
|---|---|---|
| അസി.സെക്രട്ടറി | ശ്രീ.ആർ വർഗീസ് | 01-04-2016 മുതൽ 02-01-2017 വരെ |
| | ശ്രീ.എ.അനിൽകുമാർ | 03-01-2017മുതൽ 31-03-2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.തേലമ്മ മാത്യൂ | 1-4-2016 മുതൽ 18-12-2016 വരെ |
| | ശ്രീമതി.സ്നേഹ സേവ്യർ | 19-12-2016 മുതൽ 31-03-2017 വരെ |
| വി.ഇ.ഒ | ശ്രീ.ലെനിൻ പീറ്റർ | 01-04-2016 മുതൽ 31-12-2016 വരെ |
| വി.ഇ.ഒ(വാളാർഡി സർക്കിൾ) | ശ്രീമതി.ശാന്തി കെ ബാബു | 06-01-2017മുതൽ 31-03-2017 വരെ |
| വി.ഇ.ഒ(വണ്ടിപ്പെരിയാർ സർക്കിൾ) | ശ്രീ.സർജിത്ത് ശശി | 6-1-2017മുതൽ 31-3-2017 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |

| | | |
|---|---|---|
| 12 | വാർഷിക ധനകാര്യപത്രിക അപാകതകൾ | 1-12 |
| ഭാഗം 2 | | |
| 13 | വസ്തുനികുതി സംബന്ധിച്ച അപാകതകൾ | 2-1 |
| 14 | തൊഴിൽനികുതി ഈടാക്കുന്നതിൽ വീഴ്ച | 2-2 |
| 15 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാത്തത് | 2-3 |
| 16 | പാർപ്പിടാവശ്യത്തിന് നികുതി നിർണയിച്ച കെട്ടിടങ്ങൾ മറ്റ് ആവശ്യത്തിന് ഉപയോഗിക്കുന്നു | 2-4 |
| 17 | ഇ-ടെൻഡർ ഫാറവില പഞ്ചായത്തിന് ലഭിക്കുന്നില്ല | 2-5 |
| 18 | ശുചിത്വമിഷൻ വിഹിതം വാങ്ങി എടുക്കാത്തത് സംബന്ധിച്ച് | 2-6 |
| ഭാഗം 3 | | |
| 19 | ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ മരുന്ന് പൂർണമായി ലഭിച്ചിട്ടില്ല ₹6,12,814/-തടസ്സം | 3-1 |
| 20 | പദ്ധതി മാനദണ്ഡം ലംഘിച്ച് ജലസേചന പമ്പ്സെറ്റുകൾ,വിതരണം തടസ്സം ₹2,41,400/- | 3-2 |
| 21 | ഡെപ്പോസിറ്റ് വർക്ക് പൂർത്തികരണവിവരം ഇല്ല-മൂങ്കലാർ എസ്റ്റേറ്റ് വഴിവിളക്ക് ലൈൻ ദീർഘിപ്പിക്കൽ ₹273400/-തടസ്സം | 3-3 |
| 22 | വിവിധ ഏജൻസികൾക്ക് വിഹിതം നൽകൽ കൈപ്പറ്റ് രസീത്, വിനിയോഗവിവരം ലഭ്യമായിട്ടില്ല ₹1985307/-തടസ്സം | 3-4 |
| 23 | പഞ്ചായത്തിന് ഉടമസ്ഥാവകാശമില്ലാത്ത സ്ഥലത്ത് കെട്ടിട നിർമ്മാണം-മാട്ടുപ്പെട്ടി അംഗൻവാടി | 3-5 |
| 24 | നീക്കം ചെയ്ത ജി.ഐ പൈപ്പ് ലൈൻ മൂല്യം നിർണയിച്ചിട്ടില്ല മുൻകൂർ തിരികെ ഈടാക്കാത്തത് | 3-6 |
| 25 | ആശ്രയ പദ്ധതി പദ്ധതി നടത്തിപ്പിൽ പുരോഗതിയില്ല | 3-7 |
| 26 | അശാസ്ത്രീയമായ ഖരമാലിന്യസംസ്കരണം | 3-8 |
| 27 | ക്ഷേമപെൻഷൻ അപേക്ഷകളിൽയഥാസമയംനടപടികൾ സ്വീകരിക്കുന്നില്ല | 3-9 |

| | | |
|---|---|---|
| | | |
| 28 | വെള്ളക്കരം ഒടുക്കൽ അപാകതകൾ | 3-10 |
| 29 | അസിസ്റ്റന്റ് എഞ്ചിനിയറുടെ പ്രോജക്ടുകൾ അപാകതകൾ | 3-11 |
| 30 | ദേശീയ തൊഴിലുറപ്പുപദ്ധതി സംബന്ധിച്ച് | 3-12 |
| ഭാഗം 4 | | |
| 31 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 34 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 40 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം -1 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ ബജറ്റ് 03.03.2016 ലെ പഞ്ചായത്ത് കമ്മറ്റിയുടെ I-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയുണ്ടായി. ഇതുപ്രകാരം മുന്നിരിപ്പ് ₹8,01,13,314/- വരവ് ₹24,84,11,000/-ഉം ചെലവ് ₹31,75,85,000/-ഉം നീക്കിബാക്കി ₹1,09,39,314/-ഉം ആണ്. പിന്നീട് ടി ബജറ്റ് 27-03-2017 തീയതിയിലെ I-ാം നമ്പർ തീരുമാനപ്രകാരം പുതുക്കി അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന മുന്നിരിപ്പ് ഉൾപ്പെടെ ആകെ വരവ് ₹27,39,58,560/-, ചെലവ് ₹26,35,25,000/-, നീക്കിയിരിപ്പ് ₹1,04,33,560/- എന്നിങ്ങനെ ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2017 | 15-06-2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,25,52,651 |
| വരവ് | 11,30,16,375 |
| ആകെ | 14,55,69,026 |
| ചെലവ് | 12,02,67,508 |
| നീക്കിയിരിപ്പ് | 2,53,01,518 |

## 1-5 ഫണ്ട് വിനിയോഗം(അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | ബജറ്റ് അലോട്ട്മെന്റ് | മുൻ ബാക്കി | തൻവർഷ വരവ് | ആകെ (ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുക ഒഴികെ) | ചെലവ് | സഞ്ചിത നിധിയിലേയ്ക്ക് തിരികെ ലഭിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 38234578 | 0 | 38234578 | 38234578 | 19908632 | 18325946 | 52.06 |
| വികസനഫണ്ട് എസ്.സി.പി. | 34485027 | 0 | 34485027 | 34485027 | 26609448 | 7875579 | 77.16 |
| വികസനഫണ്ട് ടി.എസ്.പി. | 983853 | 0 | 983853 | 983853 | 337053 | 646800 | 34.25 |
| സംരക്ഷണഗ്രാന്റ് റോഡ് | 2367552 | 0 | 2367552 | 2367552 | 690509 | 1677043 | 29.16 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 5741589 | 0 | 5741589 | 5741589 | 2673786 | 3067803 | 46.56 |

| | | | | | | | |
|---|---|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 20404288 | 0 | 20404288 | 20404288 | 14887357 | 5516931 | 72.96 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 0 | 4247178 | 4247178 | 2644758 | 1602420 | 62.27 |
| എം.എൻ.ആർ.ഇ. ജി.എസ്. | 0 | 33701 | 45494573 | 45528274 | 45382026.50 | 146247.50 | 90.26 |
| ബി ഫണ്ട് | 0 | 0 | 49560450 | 49560450 | 49560450 | 0 | 100 |

## 1-6 വാർഷിക പദ്ധതി അവലോകനം

**(എ)** തൻവർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | നടപ്പിലാക്കിയ പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 245 | 141840357 | 147 | 69188141 | - | 98 | 60 |

(ബി) പദ്ധതി നിർവഹണം-നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള കണക്കുകൾ

| നിർവഹണ ഉദ്യോഗസ്ഥന്റെ പേര് | ആകെ പ്രോജക്ടുകൾ | പൂർണമായി നടപ്പാക്കിയവ | നടപ്പാക്കാത്തവ | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് സെക്രട്ടറി | 16 | 13 | 03 | 10543987 | 4814401 | 45.66 |
| അസി.സെക്രട്ടറി | 07 | 07 | 00 | 10205000 | 6409930 | 62.81 |
| അസി.എൻജിനിയർ | 185 | 92 | 93 | 75409546 | 28219798 | 37.42 |
| കൃഷി ഓഫീസർ | 07 | 07 | 00 | 7354180 | 4807193 | 65.36 |
| വെറ്ററിനറി സർജൻ | 02 | 02 | 00 | 1200000 | 1200000 | 100 |
| വി ഇ ഒ | 09 | 08 | 01 | 21791300 | 11402600 | 52.32 |
| ഐസിഡിഎസ് സൂപ്പർവൈസർ | 11 | 10 | 01 | 12777344 | 9882099 | 77.34 |

| | | | | | | |
|---|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ സിഎച്ച്സി | 07 | 07 | 00 | 2059000 | 1952120 | 94.80 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 01 | 01 | 00 | 500000 | 500000 | 100 |
| ആകെ | 245 | 147 | 98 | 141840357 | 69188141 | 48.77 |

വാർഷിക പദ്ധതി നിർവഹണം

വാർഷിക പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട പ്രസക്ത വിഷയങ്ങൾ ചുവടെ സമാഹരിക്കുന്നു.

- ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരുടെ സേവനം ഫലപ്രദമായി വിനിയോഗിക്കാൻ ശ്രമം നടന്നിട്ടുണ്ട്.
- ആസൂത്രണം ചെയ്ത 245 പ്രോജക്ടുകളിൽ 98 എണ്ണംനടപ്പാക്കിയില്ല. (നടപ്പാക്കാത്തവയിൽ സിംഹഭാഗവും അസി.എൻജിനിയറുടെ പ്രോജക്ടുകൾ.)
- പ്രായോഗികതയില്ലാത്ത പ്രോജക്ടുകൾ ഏറ്റെടുത്തത് മൂലം അസി.എൻജിനിയറുടെ 185 പ്രോജക്ടുകളിൽ പകുതിയും ഉപേക്ഷിച്ചു.
- ഉപേക്ഷിച്ചവയിൽ പാതി പോലും 2017-18-ൽ സ്പിൽഓവറായി തുടരാത്തത് പ്രോജക്ടുകൾ ആവശ്യാധിഷ്ഠിമല്ലാതെ ആവിഷ്കരിക്കുന്നുവെന്നതിന്റെ ഉത്തമ ദൃഷ്ടാന്തമാണ്.
- വിവിധ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് കണക്കുകൾ കുറ്റമറ്റ രീതിയിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ വാർഷികപദ്ധതി ചെലവുകണക്കുകൾ എല്ലാ സ്രോതസ്സുകളും തിരിച്ചുള്ളത് കൃത്യമായി നിർണയിച്ചിട്ടില്ല.
- പട്ടികവർഗ ഉപപദ്ധതി വിഹിതം, ആസ്തി സംരക്ഷണ ഗ്രാന്റ്( റോഡിതരവിഭാഗം ) എന്നിവയുടെ വിനിയോഗത്തിൽ പുരോഗതിയില്ല, ചെലവ് യഥാക്രമം 26.5%, 36% മാത്രം.
- ഉത്പാദനമേഖലയിൽ നടപ്പാക്കിയ ജൈവവള വിതരണ, കാർഷികയന്ത്രവത്ക്കരണപ്രോജക്ടുകളിൽ പഞ്ചവത്സരപദ്ധതി മാർഗരേഖ അതിലംഘിച്ച് സബ്സിഡി അനുവദിച്ചു.
- ഹോമിയോ, ആയുർവേദ, സിദ്ധ ഡിസ്പെൻസറികൾക്ക് മരുന്ന് വാങ്ങലിന് കൈമാറിയെങ്കിലും വിതരണ ഏജൻസികൾ ഔഷധം ലഭ്യമാക്കിയില്ല.
- പട്ടികജാതി -പട്ടികവർഗവിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ പഠന സാഹചര്യങ്ങൾ

വിപുലീകരിക്കുന്നതിന് നടപ്പാക്കിയ പഠനമുറിനിർമാണം, ലാപ്ടോപ്പ് വിതരണം, സൈക്കിൾ വിതരണം, സ്കോളർഷിപ്പ് എന്നിവ എടുത്ത് പറയാവുന്ന പ്രോജക്ടുകളാണ്.

- കുടിവെള്ളപദ്ധതികളുടെ നിലവിലുണ്ടായിരുന്ന ജി.ഐ.പൈപ്പ് ലൈൻ ശൃംഖല അറ്റകുറ്റപ്പണികളുടെ ഭാഗമായി പൊളിച്ചു നീക്കിയെങ്കിലും അവയുടെ മൂല്യം കണക്കാക്കി ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല.
- ഖരമാലിന്യ സംസ്കരണം ശാസ്ത്രീയമായി നടപ്പാക്കുന്നതിന് അടിസ്ഥാന സൗകര്യമൊരുക്കുന്നതിനായി ബൃഹദ് പ്രോജക്ട് ആവിഷ്കരിച്ചെങ്കിലും നടപ്പായില്ല.
- ഉടമസ്ഥാവകാശമോ അനുമതി രേഖയോ കൂടാതെ വനഭൂമിയിൽ കെട്ടിടം നിർമിച്ചു. (മാട്ടുപ്പെട്ടി അംഗൻവാടി കെട്ടിടനിർമാണം)

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 48.50 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം(+) | ശതമാനം(+) |
|---|---|---|---|---|
| നികുതി വരവുകൾ | 3674728 | 61,21,303 | 24,46,575 | 66.57 |
| നികുതിയേതര വരവുകൾ | 2106589 | 22,84,056 | 1,77,467 | 8.42 |
| മറ്റുവരവുകൾ | 45479 | 2,47,679 | 2,02,200 | 444.60 |
| ആകെ | 5826796 | 86,53,038 | 28,26,242 | 48.50 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 3840 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 877240 | 112 |

| | | |
|---|---|---|
| വിധവാപെൻഷൻ | 14526350 | 1569 |
| വാർദ്ധക്യകാലപെൻഷൻ | 30397355 | 3058 |
| വികലാംഗപെൻഷൻ | 3676335 | 387 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 79330 | 12 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.08.2017 3 പി.എം -ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹6350/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. നികുതി പിരിവ്, രജിസ്റ്ററുകളുടെ പരിപാലനം, പദ്ധതി നടത്തിപ്പ് എന്നിവയിൽ വീഴ്ചകളുണ്ടായിട്ടുണ്ട്. ക്ഷേമപെൻഷൻ അപേക്ഷകളിൽ യഥാസമയം നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചകളുണ്ടായിട്ടുണ്ട്. അപേക്ഷ രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. ആസ്തികളുടെ മൂല്യനിർണയം നടത്തി അപ്ഡേറ്റ് ചെയ്തിട്ടില്ല. വസ്തുനികുതിയിനത്തിൽ ലക്ഷത്തിലധികം രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നതായി ബാലൻസ് ഷീറ്റിൽ കാണുന്നു. ഡെപ്പോസിറ്റ് രജിസ്റ്റർ, വസ്തുനികുതി രജിസ്റ്റർ, കംപ്യൂട്ടർ സ്റ്റോക്ക് രജിസ്റ്റർ എന്നിവ യഥാവിധി പരിപാലിച്ചിട്ടില്ല. സ്ഥാപനത്തിൽ സ്ഥിര ഉപയോഗത്തിന് സൂക്ഷിച്ചിട്ടുള്ള ഫർണിച്ചർ അടക്കമുള്ള വസ്തുക്കളുടെ വിവരം രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ഇല്ലാത്തതിനാൽ തന്നെ സെക്രട്ടറിമാരുടെ സ്ഥലംമാറ്റ സമയത്ത് സ്റ്റോക്ക് കൈമാറൽ നടത്തിവരുന്നില്ല.

ഓഫീസ് പ്രവർത്തനങ്ങൾ

ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലികൾ ക്രമീകരിച്ചിട്ടുണ്ട്. കാര്യക്ഷമമായ രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തപ്പെടുന്നില്ല.സെക്ഷനുകളിൽ പേഴ്സണൽ രജിസ്റ്റർഎഴുതി സൂക്ഷിക്കുന്നില്ല. സൂചിക സോഫ്റ്റ് വെയർ പ്രകാരം താപാലുകൾ വേണ്ടത്ര കാര്യക്ഷമമായി കൈകാര്യം ചെയ്യാൻ സാധിക്കുന്നില്ല.പൊതുജനങ്ങളുടെ തിരക്ക് നിയന്ത്രിക്കാൻ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.05.2017 | 4/2017 | 28.07.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.05.2017 | 2013-14മുതൽ 2016-17വരെ | 30.06.2017 |

## 1-12 വാർഷികകണക്കിലെ അപാകതകൾ

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത വ്യക്തമല്ല.

2. വസ്തു നികുതി പരിഷ്കരിച്ചത് അനുവദിച്ച് തുക അടയ്ക്കുകയും പിന്നീട് നികുതി കുറവ് വരുത്തുകയും ചെയ്തപ്പോൾ അധികം അടച്ച തുക ബാധ്യതയായി ബി-9 ഷെഡ്യൂളിൽ കാണിച്ചിട്ടില്ല.

3. വസ്തു നികുതിയുടെ പരിശോധനയ്ക്കാവിശ്യമായ രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ലാത്തതിനാൽ ഇത് സംബന്ധിച്ച യഥാർത്ഥ ചിത്രം വ്യക്തമല്ല

4. ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിൽ ഗുണഭോക്തൃ വിഹിതമായി 541,892/-രൂപ കാണിച്ചിട്ടുണ്ടെങ്കിലും ഈ

തുക ആരിൽ നിന്ന് സ്വീകരിച്ചു എന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല.

5. ബാലൻസ് ഷീറ്റ് ബി-17 ഷെഡ്യൂൾ പ്രകാരം പോസ്റ്റ് ഓഫീസ് അക്കൗണ്ടിൽ ₹10901/-യും VPFA-OLD ACCOUNT-ൽ ₹232453/-യും മുതനിക്ഷേപമായി അവശേഷിക്കുന്നു. ഈ അക്കൗണ്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. നീക്കിയിരിപ്പിന്റെ നിജസ്ഥിതി ഉറപ്പു വരുത്തേണ്ടതും അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് തുക തനതു ഫണ്ടിലേയ്ക്ക് മുതൽ കൂട്ടേണ്ടതുമാണ്.

6. ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം പശ്ചിമഘട്ട വികസന പദ്ധതിയ്ക്കുവേണ്ടി ₹500000/-അനുവദിച്ചെങ്കിലും 2014 മുതൽ ഈ തുകമുതനിക്ഷേപമായി അവശേഷിക്കുന്നു.

7. സംയുക്ത പദ്ധതിയ്ക്കായി ജില്ലാ പഞ്ചായത്ത് 2014-ൽ അനുവദിച്ച 320000/- രൂപയിൽ 39474/-രൂപ ചെലവാകാതെ അവശേഷിച്ചിരിക്കുന്നത്.(ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം) തിരിച്ചടയ്ക്കേണ്ടതാണ്.

8. ദീർഘകാലമായി പണമാക്കാത്ത 17 ചെക്കുകൾ (idcb-vandiperyiar-amount-10015)അവശേഷിക്കുന്നു. അവ തിരികെ വരവായി ക്രമീകരിക്കേണ്ടതാണ്.

9. SBT വണ്ടിപ്പെരിയാർ ശാഖയിലെ അക്കൗണ്ടിൽ (നം.7029) 1636771 /-രൂപ നീക്കിയിരുപ്പുണ്ട്. ഏറെക്കാലമായി പണമിടപാടുകളില്ലാത്ത ടി അക്കൗണ്ട് അടിയന്തിരമായി ക്ലോസ് ചെയ്യേണ്ടതാണ്.

10. തനതു ഫണ്ട് സമാഹരണത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി മതിയായ ശ്രദ്ധ ചെലുത്തിയിട്ടില്ല.

11. സാംഖ്യ-സഞ്ചയ സംയോജനം പൂർണ്ണമാക്കിയിട്ടില്ല. ആയതിനാൽ അധികമായി പിരിച്ചെടുത്ത വസ്തുനികുതിയുടെ വിവരം ലഭ്യമല്ല.

12. ബ്രിഡ്ജ് അക്കൗണ്ടുകളിൽ സാമ്പത്തിക വർഷാവസാനം തുക അവശേഷിക്കുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|
| കൃഷി ഓഫീസർ | എസ്.ബി.റ്റി. 57058407052 | 0 |
| വെറ്ററിനറി സർജൻ | എസ്.ബി.റ്റി. 57058406886 | 473492 |
| ആയൂർവേദം | എസ്.ബി.റ്റി. 67164747742 | 987 |
| വി.ഇ.ഒ. (ODF) | എസ്.ബി.റ്റി. 57058407041 | 12500 |
| വി.ഇ.ഒ. വാളാർഡി | 57058406886 | 773492 |
| ഐ.സി.ഡി.എസ് | എസ്.ബി.റ്റി. 57058407030 | 327406 |
| സെക്രട്ടറി | ഐ.ഡി.സി.ബി-120061201200003 | 4718428 |

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | യു.ബി.ഐ. 362802010026182 | 730086 |
| അസി. സെക്രട്ടറി | എസ്.ബി.റ്റി. 67318460008 | 2928613 |

13) നിർവ്വഹണ ഉദ്യോഗസ്ഥന്റെയും അദ്ധ്യക്ഷന്റെയും പേരിലുള്ള സംയുക്ത അക്കൗണ്ടുകളിൽ സാമ്പത്തിക വർഷാന്ത്യം തുക അവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|
| വി.ഇ.ഒ. + പ്രസിഡന്റ് (EMS) | SCB- 13984 | 67818 |

## 1-13 ഗ്രാമസഭ/വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ

23 വാർഡുകളിലും യഥാസമയം ഗ്രാമസഭകളും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടുള്ള വിവിധ മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകളും സമ്മേളിച്ചിട്ടുണ്ട്. ഗ്രാമസഭകളിൽ നല്ല രീതിയിലുള്ള ജനപങ്കാളിത്വവും ഉണ്ടായിട്ടുണ്ടെങ്കിലും പഞ്ചായത്തിന്റെ വികസന-ക്ഷേമ വിദ്യാഭ്യാസ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ക്രിയാത്മകമായ ചർച്ചകളും തീരുമാനങ്ങളും ഉണ്ടാകുന്നില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി-അപാകതകൾ

വസ്തു നികുതി പിരിച്ചെടുക്കുന്നതിലും വസ്തു നികുതി സംബന്ധമായ രജിസ്റ്ററുകൾ പരിപാലിക്കുന്നതിലും ഗുരുതരമായ വീഴ്ചകൾ സംഭവിക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തൻ വർഷ കുടിശ്ശിക ₹1,344,974/-യാണ്. ഇൻകം-ആന്റ് എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള തൻവർഷ ഡിമാന്റ് ₹4,109,702/-യാണ്. ഈ ഡിമാന്റിനെ സാധൂകരിക്കുന്ന രേഖകളോ രജിസ്റ്ററുകളോ പഞ്ചായത്തിൽ ലഭ്യമല്ല. സാംഖ്യ-സഞ്ചയ സംയോജനം പൂർത്തിയായിട്ടില്ല. സഞ്ചയയിൽ അടിസ്ഥാന വിവരങ്ങൾ സമാഹരിച്ച് നല്കുവാൻ സാധിക്കാത്തതുമൂലം യഥാർത്ഥ ഡിമാന്റിന്റെ വിവരങ്ങൾ അറിയാൻ സാധിക്കില്ല. സഞ്ചയയിൽ വിവര സമാഹരണം പൂർത്തിയാകുന്നതുവരെ തയ്യാറാക്കി സൂക്ഷിക്കേണ്ട ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഫ്രണ്ട് ഓഫീസിൽ വസ്തു നികുതി സ്വീകരിക്കുമ്പോൾ എല്ലാ തരത്തിലുമുള്ള കെട്ടിടങ്ങളും പാർപ്പിടാവശ്യത്തിന് എന്ന ഹെഡിലാണ് സ്വീകരിക്കുന്നത്. ആയതിനാൽ വാർഷിക ധനകാര്യ പത്രികയിൽ പാർപ്പിടാവശ്യത്തിന് എന്ന ഹെഡിൽ മാത്രമാണ് വരവുള്ളത്. പല കച്ചവട സ്ഥാപനങ്ങളും പ്രവർത്തിക്കുന്നത് പാർപ്പിടാവിശ്യത്തിന് നമ്പർ നല്കിയിട്ടുള്ള കെട്ടിടങ്ങളിലാണ്. വിശദാംശങ്ങൾ ഖണ്ഡിക 2-5 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവുന്നു. ആയതിനാൽ സാംഖ്യ-സഞ്ചയ സംയോജനത്തിനുള്ള

വിവരശേഖരണവും സംയോജനവും അടിയന്തിരമായി പൂർത്തികരിക്കേണ്ടതാണ്. 2013-14 സാമ്പത്തിക വർഷത്തിന് മുമ്പുള്ള വസ്തുനികുതി കുടിശ്ശികകൾ സഞ്ചയയിൽ ഉൾപ്പെടുത്തേണ്ടതാണ്. 14.01.2011 മുതൽ 31.03.2013 വരെയുള്ള കാലയളവിൽ പുതുതായി വസ്തുനിർണ്ണയം നടത്തിയവ ARV അടിസ്ഥാനമാക്കിയാണ് നിർണ്ണയിച്ചിട്ടുള്ളത്. പ്ലിന്ത് ഏരിയ അടിസ്ഥാനപ്പെടുത്തി ഇവയുടെ നികുതി പുതുക്കി നിർണ്ണയിച്ച് ഉൾപ്പെടുത്തേണ്ടതാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച

കേരള പഞ്ചായത്ത് രാജ് നിയമം (1994) സെക്ഷൻ 205 പ്രകാരം പഞ്ചായത്ത് പ്രദേശത്തെ സ്ഥലങ്ങളും, കെട്ടിടങ്ങളും ഉപയോഗിക്കുന്നവരുടെയും അവരുടെ തൊഴിലിന്റെയും വിവരങ്ങൾ നല്കുവാൻ ഭൂമിയുടെയും കെട്ടിടത്തിന്റെയും ഉടമസ്ഥനോട് ആവിശ്യപ്പെടുന്നതിനുള്ള അധികാരം പഞ്ചായത്തിന് ഉണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം (1994) സെക്ഷൻ 205 (സി) പ്രകാരമുള്ള നോട്ടീസ് നല്കി വിവരങ്ങൾ ശേഖരിച്ച് തൊഴിൽ നികുതി ഈടാക്കുവാൻ ശ്രമിക്കാത്തതുമൂലം മുഴവൻ സ്ഥാപനങ്ങളിൽ നിന്നും, ജീവനക്കാരിൽ നിന്നും നികുതി ഈടാക്കുവാൻ സാധിച്ചിട്ടില്ല. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | വനിതാ സഹകരണ സംഘം, വണ്ടിപ്പെരിയാർ | 1,2 |
| 2 | പീരുമേട് ലേബർ കോ.ഓ. സൊസൈറ്റി, വണ്ടിപ്പെരിയാർ | 1,2 |
| 3 | റൂറൽ കോ.ഓ. സൊസൈറ്റി, വണ്ടിപ്പെരിയാർ | 1,2 |
| 4 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ,വണ്ടിപ്പെരിയാർ | 1,2 |
| 5 | കെ.എസ്.ഇ.ബി, വണ്ടിപ്പെരിയാർ | 1,2 |
| 6 | സപ്ലൈകോ, വണ്ടിപ്പെരിയാർ | 1,2 |
| 7 | ലാഭം മാർക്കറ്റ്, വണ്ടിപ്പെരിയാർ | 1,2 |

കൂടാതെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ, സഹകരണ ബാങ്കിന്റെ ശാഖകൾ എന്നിവയിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കുന്നില്ല. തൊഴിൽ നികുതി പിരിച്ചെടുക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 മൊബൈൽ ടവറുകളുടെ വസ്തുനികുതി

പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി 2013-14 മുതൽ ഡിമാന്റ്

ചെയ്തിട്ടുണ്ടെങ്കിലും ലഭ്യമായിട്ടില്ല.

വിശദാംശം ചുവടെ നല്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥത | ഡിമാന്റ് തുക ₹ |
|---|---|---|---|
| 1 | 16/550 | ഐഡിയ കമ്മ്യൂണിക്കേഷനസ് | 20580 |
| 2 | 16/551 | ബി.എസ്.എൻ.എൽ | 20580 |
| 3 | 22/532 | ഇൻഡസ് ടവേഴ്സ് | 4410 |
| 4 | 23/298 | ഐഡിയ കമ്മ്യൂണിക്കേഷനസ് | 2835 |
| 5 | 12/334 | ഐഡിയ കമ്മ്യൂണിക്കേഷനസ് | 7088 |
| 6 | 7/56 | മുഹമ്മദ് ബഷീർ | 4410 |
| 7 | 7/717 | മുഹമ്മദ് ബഷീർ | 20790 |
| 8 | 11/563 | ഐഡിയ കമ്മ്യൂണിക്കേഷനസ് | 21000 |
| 9 | 11/700 | ഇൻഡസ് ടവേഴ്സ് | 17325 |
| 10 | 11/767 | ഇൻഡസ് ടവേഴ്സ് | 14700 |

മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുവാൻ അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ വാണിജ്യാവിശ്യത്തിനായി ഉപയോഗിക്കുന്നു

2016-17വർഷത്തിൽ ഡി&ഒ ലൈസൻസ് അനുവദിച്ച അപേക്ഷകളിൽ 15 എണ്ണം Random selection നടത്തി കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിച്ചപ്പോൾ താഴെപ്പറയുന്ന കെട്ടിടങ്ങൾ താമസാവശ്യത്തിനെന്നപോലെ നികുതി നിർണ്ണയിച്ച് വാണിജ്യം/മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി കാണാൻ കഴിഞ്ഞു.

| ഡി&ഒ രജിസ്റ്ററിലെ ക്രമ നം | അപേക്ഷകന്റെ പേര് | കെട്ടിട നം | ഉപയോഗം |
|---|---|---|---|
| 7 | കെ.എസ് ഷംസുദ്ധീൻ | 7/529 | പച്ചക്കറി കച്ചവടം |
| 13 | രാജൻ | 21/242 | പലചരക്ക് വ്യാപാരം |
| 48 | കെ.ഇ രാജൻ | 18/422 | പച്ചക്കറി കച്ചവടം |
| 64 | സരസമ്മ | 8/156 | കാപ്പിപ്പൊടി വ്യാപാരം |
| 71 | ജോസഫ് | 8/481 | ചായക്കട |
| 90 | അയ്യപ്പൻ | 5/5 | പലചരക്ക് വ്യാപാരം |
| 133 | എം.മുഹമ്മദ് | 9/412 | ടെക്സ്റ്റയിൽസ |

ആകെ ഡി&ഒ ലൈസൻസ് അനുവദിച്ച 304 അപേക്ഷകളിൽ 15 അപേക്ഷകളിലെ കെട്ടിടത്തിന്റെ ഉപയോഗക്രമം നേരിൽ പരിശോധിച്ചപ്പോൾ തന്നെ അതിൽ 7എണ്ണം താമസാവശ്യത്തിനായി നികുതി

നിർണ്ണയിച്ച കെട്ടിടങ്ങളാണ് എന്നിരിക്കെ അവശേഷിക്കുന്ന 290 അപേക്ഷകളിലെയും കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിച്ചാൽ ഇത്തരം കൂടുതൽ കെട്ടിടങ്ങൾ ഉണ്ടാകുമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആകയാൽ, മേൽപരാമർശിച്ചത് കൂടാതെ ഡി&ഒ ലൈസൻസ് അനുവദിച്ച മറ്റ് അപേക്ഷകളും പരിശോധിച്ച് ഉപയോഗക്രമം മാറ്റിയിട്ടുള്ള സംഗതികളിൽ വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

## 2-5 ഈ-ടെൻഡർ ഫോം വില ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല

അഞ്ചു ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഈ-ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 15.11.2015-ലെ ജി.ഒ(പി) 524/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വില ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്തു വിഭാഗം എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്. ഗ്രാമപഞ്ചായത്ത് 2015-16,16-17 സാമ്പത്തിക വർഷങ്ങളിൽ ഈ-ടെൻഡർ നടപടികളിലൂടെ പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും ഫോം വില പഞ്ചായത്തിന് നാളിതുവരെ കൈമാറി ലഭിച്ചിട്ടില്ല. ഇരു വർഷങ്ങളിലായി ഒടുക്കിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സാമ്പത്തികവർഷം | പ്രവൃത്തികളുടെ എണ്ണം | ഫോം വില | ടെണ്ടർ തീയതി |
|---|---|---|---|---|
| 1 | 2015-16 | 17 | 89700 | 05.10.2015 |
| | | 11 | 56700 | 19.01.2015 |
| 2 | 2016-17 | 10 | 23600 | 09.02.2017 |
| | | 05 | 21400 | 28.02.2017 |
| | | 03 | 7600 | 13.03.2017 |
| | | 01 | 3200 | 29.03.2017 |
| | ആകെ | | 202200 | |

ടെണ്ടർ ഫാറത്തിന്റെ വില ലഭ്യമാക്കുവാൻ ഇടുക്കി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനിയറോട് 26.09.2016-ലും (കത്ത് നം.A3-689/2016) തുടർന്നും ആവശ്യപ്പെട്ടിരുന്നു വെങ്കിലും അത് നാളിതുവരെ ലഭിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട പ്രസ്തുത തുക ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിവിധ ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ -മരുന്ന് പൂർണമായി ലഭിച്ചിട്ടില്ല തടസ്സം₹6,12,814/-

1) ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | : | 278/2017 |
| ബിൽ നമ്പർ | : | 24/16-17/30-3-17₹2,00,000/- |

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന മേൽ പ്രോജക്ട് പ്രകാരം ₹2,00,000/- മാനേജിംഗ് ഡയറക്ടർ,ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി,ആലപ്പുഴക്ക് ഇൻവ്വേയ്സ് നമ്പർ എൽ.എഫ് 1400/25-3-17പ്രകാരം നൽകിയിട്ടുണ്ടെങ്കിലും ഓഡിറ്റ് തീയതി വരെ ₹1,06,050/-നുള്ള മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളൂ. ബാക്കി ₹93950/- ന്റെ മരുന്ന് ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.₹93950/-തടസ്സപ്പെടുത്തുന്നു.

2) സി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ആഫീസർ

പാലിയേറ്റീവ് കെയർ പദ്ധതിക്ക് മരുന്നുകൾ ലഭ്യമാക്കാൻ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ, തിരുവനന്തപുരത്തിന് DD No.378970/30.3.17 പ്രകാരം ₹3,00,000/- നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല. ആയതിനാൽ ₹3,00,000/- ചെലവ് തടസ്സപ്പെടുത്തുന്നു.

3) ആയുർവ്വേദം ആശുപത്രിക്ക് മരുന്ന് വാങ്ങൽ

മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) നടപ്പാക്കിയ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിയ്ക്കായി ബിൽ നം.1/16-17/27.1.17 പ്രകാരം ₹5,00,000/- പിൻവലിച്ച് DD നം.08135/25.1.17-ൽ ₹5,00,000/- ഔഷധിക്ക് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ₹281136/- -ന്റെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. ബാക്കി തുക ₹218864/- മരുന്നുകൾ ഇനിയും ലഭിക്കേണ്ടതുണ്ട്. ആയതിനാൽ 2,18,864/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകാനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-2 പദ്ധതിമാർഗരേഖയിൽനിന്ന് വ്യതിചലിച്ച് സ്പ്രേയർ വിതരണത്തിന് സബ്സിഡി നൽകി നഷ്ടം ₹17100/-

| | | |
|---|---|---|
| നിർവഹണഉദ്യോഗസ്ഥ | : | കൃഷി ഓഫീസർ |
| പദ്ധതി | : | സ്പ്രേയർ/ ജലസേചന പമ്പ് സെറ്റ് വിതരണം (S0274/17) |
| അടങ്കൽ | : | വികസനഫണ്ട് – 3,00,000 |

| | | |
|---|---|---|
| | | ഗുണഭോക്തൃവിഹിതം – 3,00,000 |
| ആകെ | : | 6,00,000 |
| ചെലവ് ബിൽ നം. | : | 5/16-17/31.03.2017 തുക 241400/- |
| നിർവഹണം | : | കൃഷി ഓഫീസർ |

പ്രസ്തുത പദ്ധതിയിൽ 54 ഗുണഭോക്താക്കൾക്ക് പമ്പ് സെറ്റ്/സ്പ്രേയർ വാങ്ങുന്നതിന് മേൽ ബിൽ പ്രകാരം ₹241400/- സബ്സിഡി നൽകിയിട്ടുണ്ട്. എന്നാൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 11.01.16 ലെ ജി.ഒ.(എം.എസ്.) 4/2016 ഉത്തരവിലെ ഖണ്ഡിക 3.1.7 പ്രകാരം കർഷക സംഘങ്ങൾക്കും സമിതികൾക്കും സ്പ്രേയറുകൾക്കുള്ള സബ്സിഡി 75% നിരക്കിൽ നൽകുന്നതിനാണ് അനുമതിയുള്ളത്. വ്യക്തികൾക്ക് പമ്പ് സെറ്റ് നല്കാൻ പാടില്ല എന്നും ഉത്തരവുള്ളതാണ്. ഉത്തരവിനെ മറികടന്ന്, ഈ പദ്ധതിയിൽ താഴെ പറയുന്ന നാല് ഗുണഭോക്താക്കൾക്ക് സ്പ്രേയർ വാങ്ങിയതിന് സബ്സിഡി നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് വിവരം | സ്പ്രേയറിന്റെ ചെലവ് | സബ്സിഡി നൽകിയത് |
|---|---|---|---|
| 1 | സമുദ്രവേൽ, വാളാഡി എസ്റ്റേറ്റ്, വണ്ടിപ്പെരിയാർ | 8000 | 3800 |
| 2 | രമ ആർ, എരുമത്തുരുത്തിൽ, കറുപ്പുപാലം | 9350 | 4150 |
| 3 | ഗണേശൻ, വക്കച്ചൻ കോളനി, 62-ാം മൈൽ | 18000 | 5000 |
| 4 | പ്രജിത് ജോൺ, കൊച്ചോലിക്കൽ, ചപ്പാത്ത് | 9350 | 4150 |
| | ആകെ | | 17100 |

സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി സ്പ്രേയർ വാങ്ങിയതിന് സബ്സിഡിയിനത്തിൽ നൽകിയ ₹17100/- ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 ഡെപ്പോസിറ്റ് വർക്ക് പൂർത്തികരണവിവരം ലഭ്യമല്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും വണ്ടിപ്പെരിയാർ കെ.എസ്.ഇ.ബി അസിസ്റ്റന്റ് എഞ്ചിനിയറുമായി എഗ്രിമെന്റ് വച്ച് പ്രവർത്തനം ആരംഭിച്ച ചുവടെ കൊടുക്കുന്ന ഡെപ്പോസിറ്റ് വർക്ക് പ്രവൃത്തിയുടെ പൂർത്തികരണ വിവരം ലഭ്യമല്ല. ആയതിനാൽ ₹273400/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പൂർത്തികരണവിവരം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

| പ്രവൃത്തിയുടെ പേര്/പ്രോജക്ട് നമ്പർ | ചെലവഴിച്ച തുക | ബിൽനമ്പർ, തീയതി | തുക ആർക്കുനൽകിഎന്ന് | എഗ്രിമെന്റ് തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| മൂങ്കലാർ എസ്റ്റേറ്റ് വഴിവിളക്ക് ലൈൻ ദീർഘിപ്പിക്കൽ പദ്ധതി<br>280/17 | 273400/- | 23/16-17/<br>30-3-17 | അസിസ്റ്റന്റ് എഞ്ചിനിയർ കെ.എസ്.ഇ.ബി വണ്ടിപ്പെരിയാർ | 9-6-2017 |

## 3-4 വിവിധ സ്ഥാപനങ്ങൾക്ക് വിഹിതം നൽകൽ -കൈപ്പറ്റ് രസീത്, വിനിയോഗവിവരം ലഭ്യമല്ല ചെലവ് തടസ്സം₹19,85,307/-

വിവിധ സ്ഥാപനങ്ങൾക്ക് വിഹിതം നൽകൽ ഇനത്തിൽ 2016-2017കാലയളവിൽ ₹19,85,307/-ചുവടെ കൊടുക്കും പ്രകാരം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ടി തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല. ആയതിന്റെ അഭാവത്തിൽ ചെലവ് തുക ₹19,85,307/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.വിശദവിവരം ചുവടെ കൊടുക്കുന്നു.

1) എസ്.എസ് എ വിഹിതം നൽകൽ

| പ്രോജക്ട്നം | ചെലവിനം | ചെലവഴിച്ച തുക | ബിൽനമ്പർ/ തീയതി | ഡി.ഡി.നമ്പർ/ തീയതി | തുക ആർക്ക് നൽകി എന്ന് | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|---|
| 2/<br>16-17 | എസ്.എസ് എ വിഹിതം ജനറൽ | 1027104 | 8/16-17/<br>26-10-16 | 90581/<br>2-11-16 | ജില്ല പ്രോജക്ട് ആഫീസർ എസ്.എസ്.എ, ഇടുക്കി | ശ്രീ.പി.വിജയകുമാർ സെക്രട്ടറി |
| 3/<br>16-17 | എസ്.എസ് എ വിഹിതം എസ്.സി.പി | 6,47,465 | 6/16-17/<br>26-10-16 | 90581 / 2-11-16 | ജില്ല പ്രോജക്ട് ആഫീസർ എസ്.എസ്.എ, ഇടുക്കി | ശ്രീ.പി.വിജയകുമാർ സെക്രട്ടറി |
| | ആകെ | ₹1674569 | | | | |
| 2) സാമൂഹ്യ സുരക്ഷ മിഷൻവിഹിതം നൽകൽ | | | | | | |
| 329/<br>17 | സാമൂഹ്യ സുരക്ഷ മിഷൻ വിഹിതം നൽകൽ | 1,00,000 | 7/16-17/<br>26-10-16 | ലഭ്യമല്ല | എക്സി.ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ പൂജപ്പുര, തിരുവനന്തപുരം | ശ്രീ.പി.വിജയകുമാർ സെക്രട്ടറി |

| | | | | | | |
|---|---|---|---|---|---|---|
| | ആകെ₹ | 1,00,000 | | | | |
| 3) ഐ.കെ.എം വിഹിതം നൽകൽ | | | | | | |
| 327/<br>17 | ഐ.കെ.എം വിഹിതം നൽകൽ | 2,10,738 | 16/16-17 /15-2-17 | 059608<br>/1-3-17 | എക്സി.ഡയറക്ടർ, ഐ.കെ.എം തിരുവനന്തപുരം | ശ്രീ.ജോർജ് ജോസഫ്, സെക്രട്ടറി |
| | | 2,10,738 | | | | |
| | ആകെ തടസ്സം | ₹19,85,307 | | | | |

## 3-5 ഗ്രാമപഞ്ചായത്തിന് ഉടമസ്ഥാവകാശമില്ലാത്ത സ്ഥലത്ത് കെട്ടിടനിർമാണം നടത്തി

പ്രോജക്ട് നം.115/17, 10-ാംവാർഡ് മാട്ടുപ്പെട്ടി അംഗൻവാടി നിർമാണം

| | | |
|---|---|---|
| വകയിരുത്തൽ | : | 700000/-(വികസന ഫണ്ട് ) |
| കരാറുകാരൻ | : | ശ്രീ.കെ.ഷാജി |
| കരാർ നം | : | 86/AE,LSGD/VPR/16-17തീ.28.1.2017 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | : | 28.3.2017 |
| അളവുപുസ്തകം | : | 202,514/16-17 |
| ആകെ വേലമൂല്യം | : | 670964/- |
| നികുതികൾ | : | 40259/- |
| കരാറുകാരന് അനുവദിച്ച തുക | : | 630705/- |
| ഡി.ഡി. നമ്പർ | : | 762478/ തീ.11.4.2017 |

ഗ്രാമപഞ്ചായത്തിലെ 10-ാം വാർഡിൽ അംഗൻവാടി നിർമിക്കുന്നതിനു 2014-15-ൽ തയ്യാറാക്കി സ്പിൽഓവറായി തുടർന്നു വന്നതാണ് പ്രസ്തുത പ്രോജക്ട്. ഇതു നടപ്പാക്കിയതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. അംഗൻവാടി നിർമാണത്തിന് നിശ്ചയിച്ച സ്ഥലത്തിന്റെ ഉടമസ്ഥാവകാശരേഖയുടെ പകർപ്പ് ഫയലിൽ ഇല്ല.

2. ആർ.ബി.റ്റി തേയില എസ്റ്റേറ്റ് വനം-വന്യജീവി വകുപ്പിന് കൈമാറിയ ഭൂമിയാണ് കെട്ടിടം നിർമിക്കുന്നതിനു പഞ്ചായത്ത് നിശ്ചയിച്ചതെന്നും ആകയാലാണ് നിർമാണം തുടങ്ങാൻ താമസമെന്നും കരാറുകാരൻ അറിയിച്ചിട്ടുണ്ട്. നിയമതടസ്സമുള്ള സ്ഥലം പ്രവൃത്തിക്ക് കൈമാറിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

3. നിർമാണത്തിന് സ്ഥലം സജ്ജമാകാതെ ടെൻഡർ നടപടികൾ സ്വീകരിക്കാനോ സൈറ്റുകൾ കരാറുകാർക്ക് കൈമാറാനോ പാടില്ലായെന്ന വ്യവസ്ഥ പാലിച്ചില്ല.തൻമൂലം പ്രോജക്ട് പൂർത്തീകരണത്തിൽ രണ്ടു വർഷത്തെ

കാലതാമസമുണ്ടായി.

4. കെട്ടിടം നിർമിക്കുന്നതിന് അനുമതി ലഭിച്ച രേഖകൾ ഫയലിൽ ഇല്ല.

5. പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല.

6. സൃഷ്ടിച്ച ആസ്തിയുടെ ഉടമസ്ഥാവകാശം ആരിൽ നിലനിർത്തിയിരിക്കുന്നുവെന്നതിന്റെ രേഖകൾ ലഭ്യമല്ല.

മേൽ പരാമർശിച്ച അപാകതകളുടെ വെളിച്ചത്തിൽ ചെലവു തുക (₹630705/-)ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 നീക്കം ചെയ്ത ജി.ഐ പൈപ്പ് ലൈൻ ശൃംഖലയുടെ മൂല്യം ക്രമീകരിച്ചില്ല

ഗ്രാമപഞ്ചായത്ത് തൻവർഷം നടപ്പാക്കിയ രണ്ടു കുടിവെള്ള പ്രോജക്ടുകളുടെ അറ്റകുറ്റപ്പണികൾക്കായി, മുൻപ് സ്ഥാപിച്ചിരുന്ന ജി.ഐ.പൈപ്പ് ലൈൻ ശൃംഖല പൊളിച്ചു നീക്കിയിരുന്നു. പൊളിച്ചു നീക്കിയ പൈപ്പുകൾ സ്വകാര്യവ്യക്തിയുടെ മുറ്റത്ത് അട്ടിവച്ചിട്ടുള്ളതായി പ്രാദേശിക പരിശോധനയിൽ കണ്ടു. എന്നാൽ നീക്കം ചെയ്ത പൈപ്പിന്റെ സർവ്വേ റിപ്പോർട്ട് തയ്യാറാക്കി, മൂല്യം നിശ്ചയിച്ച് ലേലം ചെയ്യുകയോ, പ്രവൃത്തികളുടെ ബില്ലിൽ നിന്ന് കുറവു വരുത്തുകയോ ചെയ്തിട്ടില്ല. തന്മൂലം പഞ്ചായത്ത് ഫണ്ടിന് ഗണ്യമായ തുക നഷ്ടം സംഭവിച്ചിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. പ്രോജക്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നം.378/17, 14-ാം-വാർഡ് ധർമവാലി കുടിവെള്ളപദ്ധതി

പ്രസ്തുത പ്രോജക്ട് പ്രകാരം 150മീറ്റർ 50mm ജി.ഐ പമ്പിംഗ് മെയിൻ നീക്കം ചെയ്ത് 216 മീറ്റർ നീളത്തിൽ 50mm ജി.ഐ. പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്.

2. പ്രോജക്ട് നം.373/17, 14-ാം-വാർഡിൽ എ.കെ.ജി കോളനി കുടിവെള്ളപദ്ധതി

ഇതു പ്രകാരം 222 മീറ്റർ 40mm ജി.ഐ പൈപ്പ് ലൈൻ നീക്കം ചെയ്ത് 222 മീറ്റർ നീളത്തിൽ 50 mm ജി.ഐ പൈപ്പുകൾ സ്ഥാപിച്ചു.

പ്രസ്തുത പൈപ്പുകളുടെ വില ക്രമീകരിക്കാതെയും യഥാവിധി പഞ്ചായത്തിന് കൈമാറാതെ സ്വകാര്യ വ്യക്തിയുടെ സൂക്ഷിപ്പിൽ വിട്ടുനൽകിയതും പ്രോജക്ടുകളുടെ ഫൈനൽ ബിൽ നൽകിയ നടപടി ക്രമപ്രകാരമുള്ളതല്ല. പൈപ്പുകൾ യഥാവിധി ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

## 3-7 ആശ്രയ പദ്ധതി നടത്തിപ്പിൽ ഗുരുതരമായ അനാസ്ഥ

ആശ്രയ പദ്ധതിയുടെ ഗുണഫലങ്ങൾ സമയബന്ധിതമായി അർഹരായവരിലേക്ക് എത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് ഇനിയും കഴിഞ്ഞിട്ടില്ല. ഒന്നാം ഘട്ടമായി 2004-2007 കാലയളവിൽ നടപ്പാക്കുന്നതിന് ആരംഭിച്ച പ്രോജക്ട് യഥാസമയം പൂർത്തിയാകാതിരുന്നതിനാൽ റീവിസിറ്റ് ചെയ്ത ശേഷം വീണ്ടും ആക്ഷൻ

പ്ലാൻ തയ്യാറാക്കി സർക്കാർ അംഗീകാരത്തിന് സമർപ്പിച്ചിരിക്കുകയാണ്. രണ്ടാം ഘട്ടത്തിന്റെ നിർവഹണക്കാലാവധിയും ഇതിനോടകം അവസാനിച്ചിട്ടുണ്ട്. (പ്രോജക്ടിന്റെ കാലയളവ് 2013-2016].

ഗ്രാമപഞ്ചായത്ത് വിഹിതവും ചലഞ്ച് ഫണ്ട് വിഹിതവും ആശ്രയ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിലും നാമമാത്ര തുക ചെലവഴിക്കുന്നതിലും പദ്ധതി പ്രവർത്തനങ്ങൾ പരിമിതപ്പെടുന്ന കാഴ്ചയാണ് നിലവിൽ കാണാൻ കഴിയുന്നത്. ചുവടെ ചേർക്കുന്ന ആശ്രയ പദ്ധതി കണക്കുകൾ ഈ വിവരം ശരിവെയ്ക്കുന്നു.

ആശ്രയ II-ാം ഘട്ടം (ആകെ അടങ്കൽ : – ₹6424000/-)

| വിഹിതം | ലഭിച്ച തുക | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് വിഹിതം | 2205000 | 761700 | 1443300 |
| ചലഞ്ച് ഫണ്ട് | 484500 | 226600 | 257900 |
| ആകെ | 2689500 | 988300 | 1701200 |

ആശ്രയ I-ാം ഘട്ടം റീവിസിറ്റ് ചെയ്തത് (പ്രോജക്ട് അംഗീകാരത്തിന് സമർപ്പിച്ചിരിക്കുന്നതിനാൽ അടങ്കൽ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല)

| വിഹിതം | ലഭിച്ച തുക | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് വിഹിതം | 00 | 00 | 00 |
| ചലഞ്ച് ഫണ്ട് | 500000 | 318750 | 181250 |
| ആകെ | 500000 | 318750 | 181250 |

പദ്ധതി നടത്തിപ്പിനായി ഭാരതീയ സ്റ്റേറ്റ് ബാങ്ക് വണ്ടിപ്പെരിയാർ ശാഖയിൽ ആരംഭിച്ച അക്കൗണ്ടിൽ (നം.67018832386) പലിശയുൾപ്പടെ 2476026/-രൂപ ശേഷിക്കുന്നു.(12.4.2017 വരെയുള്ള രേഖപ്പെടുത്തൽ പ്രകാരമുള്ളത്)

സാമൂഹ്യവും സാമ്പത്തികവുമായി ഏറ്റവും പിന്നിൽ നിൽക്കുന്ന ജനവിഭാഗത്തെ മുഖ്യധാരയിലെത്തിക്കുന്നതിനു വേണ്ടി ആസൂത്രണം ചെയ്യുന്ന ഇത്തരം പ്രോജക്ടുകൾ അനന്തമായി നീളുന്ന സാഹചര്യം , ലക്ഷ്യം തമസ്കരിക്കപ്പെടുന്നതിനുപരി അവരുടെ സ്വാഭാവിക നീതി നിഷേധിക്കലായി പരിണമിച്ചു. അർഹരായ പല ഗുണഭോക്താക്കൾക്കും മരണപ്പെടുന്നതിനു മുൻപ് സേവനം എത്തിക്കാൻ കഴിഞ്ഞില്ലായെന്നത് ഒട്ടും തന്നെ നീതീകരിക്കാവുന്ന വസ്തുതയല്ല. പ്രോജക്ട് നടത്തിപ്പിലെ കെടുകാര്യസ്ഥത

പഞ്ചായത്ത് ഭരണസമിതി അറിഞ്ഞിട്ടും ഉചിതമായ ഇടപെടലുകളിലൂടെ അത് കാര്യക്ഷമമാക്കാൻ സാധ്യമായതൊന്നും സ്വീകരിച്ചില്ലായെന്നത് ഏറെ ഖേദകരമാണ്.

ആവശ്യമായ ഫണ്ട് ലഭ്യമാക്കി വിനിയോഗിച്ച്, ശേഷിക്കുന്ന സേവനപ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തീകരിച്ച്, പാർശ്വവത്ക്കരിക്കപ്പെട്ട ഈ വിഭാഗത്തിന് സഹായമെത്തിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ സജീവശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 3-8 ഖരമാലിന്യ നിർമാർജ്ജനത്തിന് ശാസ്ത്രീയ സംവിധാനം ആവിഷ്കരിച്ചിട്ടില്ല

മലയോരപട്ടണമായ വണ്ടിപ്പെരിയാർ ടൗൺ വികസിച്ചതോടുകൂടി കച്ചവട സ്ഥാപനങ്ങളിൽ നിന്നും നിരത്തുകൾക്കു സമീപമുള്ള വാസഗൃഹങ്ങളിൽനിന്നും മറ്റും പുറന്തള്ളുന്ന മാലിന്യത്തിന്റെ അളവും വലിയ തോതിൽ വർദ്ധിച്ചു. ദേശീയപാതയ്ക്കരികിലും പട്ടണത്തിലെ ഇതര പ്രദേശങ്ങളിലും കുമിഞ്ഞു കൂടുന്ന പ്ലാസ്റ്റിക് ഉൾപ്പടെയുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള ചുവടുവെയ്പ്പൊന്നും ജനകീയാസൂത്രണപദ്ധതി ആരംഭിച്ച് രണ്ട് പതിറ്റാണ്ട് പിന്നിടുമ്പോഴും ഗ്രാമപഞ്ചായത്ത് നടത്തിയിട്ടില്ല. ശബരിമല തീർത്ഥാടകരുടെ ഇടത്താവളവും ലോകപ്രശസ്ത കടുവാ സങ്കേതമായ പെരിയാർ റിസർവിനോടു ചേർന്നു കിടക്കുന്നതുമായ പ്രദേശമാകയാൽ നവംബർ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ തീർത്ഥാടകരുടെയും വിനോദസഞ്ചാരികളുടെയും ബാഹുല്യം നിമിത്തം മാലിന്യത്തിന്റെ തോത് ക്രമാതീതമായി വർദ്ധിച്ച്, ജനങ്ങളുടെ സ്വൈര്യജീവിതം തന്നെ തടസ്സപ്പെടുന്ന സാഹചര്യമാണ് ഏറെക്കാലമായി അനുഭവപ്പെടുന്നത്. നീരൊഴുക്ക് കുറഞ്ഞ പെരിയാർ നദിയിലേക്ക് കക്കൂസിലേതുൾപ്പടെയുള്ള മാലിന്യം തള്ളി ജലം അശുദ്ധമാക്കുന്ന പ്രവണതയും ഏറിയിട്ടുണ്ട്. സ്ഥിതിവിശേഷം ഏറെ ഗുരുതരമാണെങ്കിലും ഗ്രാമപഞ്ചായത്ത് അതത് ദിവസത്തെ മാലിന്യങ്ങൾ ഒരു ടിപ്പർ ലോറിയിലും പെട്ടി ഓട്ടോറിക്ഷയിലും ശേഖരിച്ച് ഏകദേശം 15 കിലോമീറ്റർ അകലെ പരമ്പരാഗത ശബരിപ്പാതയുടെ സമീപമുള്ള സത്രം എന്ന പ്രദേശത്ത് റവന്യൂ വകുപ്പ് വക സ്ഥലത്ത് വലിയ കിടങ്ങുകൾ നിർമിച്ച് കുഴിച്ചുമൂടുന്ന പ്രവൃത്തി മാത്രം നിർവഹിച്ച് അനിവാര്യച്ചുമതലാ ബാധ്യത നിറവേറ്റുകയാണ് നിലവിൽ ചെയ്തു വരുന്നത്. ഇത്തരത്തിൽ നിർമാർജ്ജനം ചെയ്യപ്പെടുന്ന മാലിന്യത്തിന്റെ അളവ് ദിനംപ്രതി വർദ്ധിച്ചതു മൂലം ഒരു വർഷം തന്നെ ഇത്തരത്തിൽ അനേകം കിടങ്ങുകൾ കുഴിക്കേണ്ടി വരുന്നുണ്ട്. കിടങ്ങുകളിൽ മണ്ണിടുന്നതിന് ഒരിക്കൽ കുഴിച്ചതിനടുത്ത് വീണ്ടും വീണ്ടും കുഴിക്കുന്നതു മൂലം, മുൻപ് മൂടപ്പെട്ട അജൈവ മാലിന്യങ്ങൾ വീണ്ടും പുറത്തെത്തുന്നു. അശാസ്ത്രീയമായി മാലിന്യം തള്ളുന്നതുമൂലം പ്രസ്തുത സ്ഥലം അനതിവിദൂര ഭാവിയിൽ പൂർണമായും ഉപയോഗശൂന്യമാകുമെന്നത് നിസ്തർക്കമായ വസ്തുതയാണ്. കുന്നിൻമുകളിൽ സ്ഥിതി ചെയ്യുന്ന, വിനോദസഞ്ചാരികളെ ഏറെ ആകർഷിക്കുന്ന, പ്രകൃതിരമണീയമായ ഈ പ്രദേശം നിലവിൽ കാക്കകളുടെയും

തെരുവു ജീവികളുടെയും വിഹാരകേന്ദ്രമായി മാറിയിട്ടുള്ളത് സ്ഥലസന്ദർശനവേളയിൽ കാണുകയുണ്ടായി. ശാസ്ത്രീയമായി മാലിന്യങ്ങൾ സംസ്കരിക്കാത്തതു മൂലം മഴക്കാലത്ത് ഇവയിൽനിന്ന് ഒലിച്ചിറങ്ങുന്ന മലിനജലം മൂലം ജലസ്രോതസുകളും പരിസരപ്രദേശങ്ങളും മലീമസമാകാനുള്ള എല്ലാ സാധ്യതകളും നിലനിൽക്കുന്നു. വർഷകാലമാകുന്നതോടുകൂടി ജലജന്യരോഗങ്ങളാൽ ദുരിതമനുഭവിക്കുന്ന ജനതയ്ക്ക് പഞ്ചായത്തിന്റെ നിലവിലെ മാലിന്യസംസ്കരണപ്രക്രിയ വലിയ ഭീഷണിയാണ് ഉയർത്തിയിട്ടുള്ളത്. തൻവർഷം മാലിന്യം കുഴികുത്തിമൂടുന്ന പ്രവൃത്തിക്കായി നാലുലക്ഷത്തോളം രൂപയാണ് ചെലവഴിച്ചത് (പ്രോജക്ട് നം.381/17). ജൈവവള ഉത്പാദനകേന്ദ്രം നിർമാണത്തിന് സ്ഥലം വാങ്ങുവാൻ 33,86,000/-രൂപ തൻവർഷം അടങ്കൽ നിശ്ചയിച്ച് ബൃഹദ് പ്രോജക്ട് ആവിഷ്കരിച്ചെങ്കിലും നടപ്പാക്കിയില്ല.

സാംക്രമിക രോഗങ്ങൾ പടർന്ന് പിടിക്കാൻ ഹേതുവാകുന്ന രീതിയിൽ വെളിസ്ഥലത്ത് മാലിന്യം തള്ളുന്ന നടപടിയുമായി ഏറെക്കാലം മുന്നോട്ടുപോകാൻ കഴിയില്ലായെന്നതിന്റെ ഉദാഹരണങ്ങൾ കേരളത്തിൽ ഉടനീളം ദർശിക്കാൻ കഴിയുന്നതാണ്. ആകയാൽ ഖരമാലിന്യസംസ്കരണത്തിന് വിജയകരമെന്ന് തെളിയിക്കപ്പെട്ട ശാസ്ത്രീയ മാതൃകകൾ (ഉദാ. തുമ്പൂർമുഴി മോഡൽ എയ്റോബിക് കംപോസ്റ്റ് യൂണിറ്റ്) പിന്തുടരാൻ നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ സജീവ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-9 ക്ഷേമ പെൻഷനുകളിൽ യഥാസമയം നടപടികൾ സ്വീകരിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ ലഭിക്കുന്ന ക്ഷേമ പെൻഷൻ അപേക്ഷകളിൽ യഥാസമയം നടപടികൾ സ്വീകരിക്കുന്നില്ല. പെൻഷൻ അപേക്ഷകളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. ഏതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| അപേക്ഷന്റെ പേര്/വിലാസം | അപേക്ഷയുടെ ഇനം | അപേക്ഷ ലഭിച്ച തീയതി | രജിസ്റ്ററിലെ ക്രമ നമ്പർ | അന്വേഷണത്തിന് നൽകിയ തീയതി | അന്വേഷണത്തിന് ശേഷം തിരികെ ലഭിച്ച തീയതി | തീർപ്പാക്കിയ തീയതി |
|---|---|---|---|---|---|---|
| നടരാജൻ.ബി, മൂങ്കലാർ എസ്റ്റേറ്റ് | വാർധക്യകാല പെൻഷൻ | 27-2-17 | 4541 | ലഭ്യമല്ല | ലഭ്യമല്ല | തീർപ്പാക്കിയിട്ടില്ല |
| സുകുമാരി, മഞ്ചുമല | വാർദ്ധക്യകാല പെൻഷൻ | 27-2-17 | 4543 | ലഭ്യമല്ല | ലഭ്യമല്ല | തീർപ്പാക്കിയിട്ടില്ല |
| ശിവൻ, ഇഞ്ചിക്കാട്ട് എസ്റ്റേറ്റ് | വികലാംഗ പെൻഷൻ | 16-5-16 | 423 | 31-5-16 | ലഭ്യമല്ല | തീർപ്പാക്കിയിട്ടില്ല |

| | | | | | | |
|---|---|---|---|---|---|---|
| ചിത്സരം, വാളാർഡി | വികലാംഗ പെൻഷൻ | 10-8-16 | 452 | ലഭ്യമല്ല | ലഭ്യമല്ല | തീർപ്പാക്കിയിട്ടില്ല |
| ജിജിമോൾ യോഹന്നാൻ, വടക്കേക്കുറ്റ് | വികലാംഗ പെൻഷൻ | 25-1-17 | 490 | 28-1-17 | ലഭ്യമല്ല | തീർപ്പാക്കിയിട്ടില്ല |
| സെലിൻ, തങ്കമല എസ്റ്റേറ്റ് | വികലാംഗ പെൻഷൻ | 13-3-17 | 493 | 13-3-17 | ലഭ്യമല്ല | തീർപ്പാക്കിയിട്ടില്ല |
| വിജയറാണി, വിജയഭവൻ വള്ളക്കടവ് | വികലാംഗ പെൻഷൻ | 17-3-17 | 495 | ലഭ്യമല്ല | ലഭ്യമല്ല | തീർപ്പാക്കിയിട്ടില്ല |
| പുഷ്പറാണി, പശുമല എസ്റ്റേറ്റ് | വികലാംഗ പെൻഷൻ | 25-3-17 | 496 | ലഭ്യമല്ല | ലഭ്യമല്ല | തീർപ്പാക്കിയിട്ടില്ല |

## 3-10 വെള്ളക്കരം ഒടുക്കൽ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ 69 ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിമാസം ₹31500/- കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കുവരുത്തുന്നുണ്ട്. എന്നാൽ ഇതിൽ എത്ര എണ്ണം ടാപ്പുകൾ പ്രവർത്തിക്കുന്നവയാണെന്നോ പ്രവർത്തിക്കാത്തവ എത്രയെന്നോ വ്യക്തമല്ല.വാട്ടർ അതോറിറ്റിയും പഞ്ചായത്തുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. ആയതിനാൽ എത്രയും പെട്ടെന്ന് സംയുക്തപരിശോധന നടത്തി പ്രവർത്തിക്കാത്തവയുടെ വെള്ളക്കരമിനത്തിൽ അധിക തുക നൽകിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കേണ്ടതാണ്.

## 3-11 അസി.എൻജിനിയറുടെ പ്രോജക്ടുകൾ -ആസൂത്രണം ചെയ്യുന്ന പദ്ധതികൾ നടപ്പാക്കാതിരിക്കുന്ന പ്രവണത തുടരുന്നു

അസി.എൻജിനിയർ മുഖേന നടപ്പാക്കുന്നതിന് 184 പ്രോജക്ടുകൾ ആസൂത്രണം ചെയ്തതിൽ കേവലം 92 എണ്ണം മാത്രമാണ് തൻവർഷം പൂർണമായോ ഭാഗികമായോ നടപ്പാക്കിയത്. ഉപേക്ഷിച്ചവയിൽ പാതിപോലും തുടർന്നുള്ള വർഷത്തെ പദ്ധതിയുടെ ഭാഗമായിട്ടില്ലായെന്നത് ആവശ്യാധിഷ്ഠിമല്ലാതെയാണ് പ്രസ്തുത പ്രോജക്ടുകൾ ആവിഷ്കരിച്ചതെന്ന വസ്തുതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. വിവിധ തലത്തിലും പദവികളിലുമുള്ള ബഹുജനങ്ങളുടെയും ഉദ്യോഗസ്ഥരുടെയും വിഭവശേഷിയും, വിലയേറിയ സമയവും, പൊതുമുതലും (പദ്ധതി രൂപീകരണത്തിന് തൻവർഷം ചെലവഴിച്ച തുക:-₹2,00,000/-) വിനിയോഗിച്ച് ആവിഷ്കരിച്ച് തയ്യാറാക്കുന്ന പ്രോജക്ടുകൾ വർഷാവർഷം ഇപ്രകാരം ഉപേക്ഷിക്കുന്ന പ്രവണത ഒട്ടും തന്നെ

അംഗീകരിക്കാവുന്നതല്ല. നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണിത്. പഞ്ചായത്തിന്റെയും സർവോപരി ജനങ്ങളുടെയും ഉത്തമസാമ്പത്തിക താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി, പ്രോജക്ടുകൾ ആവിഷ്കരിച്ച് സമയബന്ധിതവും കാര്യക്ഷമവുമായി നടത്താൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ്/മോണിട്ടറിംഗ് സമിതികളുടെ സജീവശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 3-12 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

പ്രസ്തുത പദ്ധതിയുടെ ഓഡിറ്റ് വർഷത്തെ നിർവഹണം സംബന്ധിച്ച പ്രസക്ത വിവരങ്ങൾ ചുവടെ സമാഹരിക്കുന്നു.

- 4522പേർക്കാണ് തൻവർഷംവരെ തൊഴിൽകാർഡ് നൽകിയത്
- ഇവരിൽ 4028 കുടുംബങ്ങൾ തൻവർഷം പദ്ധതിയുമായി സഹകരിച്ചു.
- 219160തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിന് ₹73637867/- അടങ്കലുള്ള പദ്ധതിയാണ് ലേബർ ബജറ്റ് പ്രകാരം വിഭാവനം ചെയ്തത്.
- സാങ്കേതികാനുമതി ലഭിച്ച 808പ്രോജക്ടുകളിൽ 407എണ്ണം തൻവർഷം നടപ്പാക്കി.
- ഇവയിലൂടെ 113767തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു.
- 64കുടുംബങ്ങൾക്ക് 100തൊഴിൽ ദിനങ്ങളും 896 കുടുംബങ്ങൾക്ക് അൻപതിൽക്കൂടുതലും അൻപതിൽത്താഴെ 1854 കുടംബങ്ങൾക്കും തൊഴിൽദിനങ്ങൾ തൻവർഷം പ്രദാനം ചെയ്യാൻ കഴിഞ്ഞു.
- തൻവർഷം നടപ്പാക്കിയപ്രോജക്ടുകൾ-റോഡുനിർമാണം, നടപ്പാത, മഴവെള്ളസംഭരണി, നീർച്ചാൽ ശുചീകരണം, ഐ.എ. ഭവനനിർമാണം, കംപോസ്റ്റ് യൂണിറ്റ്, ശുചിമുറി നിർമാണം, അംഗൻവാടി, കളിസ്ഥലം, സംരക്ഷണഭിത്തി തുടങ്ങിയവ.
- രേഖകളും കണക്കുകളും തൃപ്തികരമായി പരിപാലിച്ചിട്ടുണ്ടെങ്കിലും അവ അധികൃതർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

തൻവർഷത്തെ വരവു-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| മുന്നിരിപ്പ് | 33701 | |
| തൻവർഷ വരവ് | 39390419 | EFMS മുഖേന |
| | 6099203 | അലോട്ട്മെന്റ് |
| | 4951 | പലിശ |
| ആകെ | 45528274 | |
| ചെലവ് | 45382026.50 | |
| നീക്കിയിരിപ്പ് | 146247.50 | |

ചെലവിന്റെ വിശദാംശങ്ങൾ

| | | |
|---|---|---|
| വേതനം | : | ₹ 39390419 /- |
| സാധനസാമഗ്രികൾ | : | ₹ 4635471/- |
| എസ്റ്റാബ്ലിഷ്മെന്റ് | : | ₹ 1356136 .50/- |
| ആകെ | : | ₹ 45382026.50/- |

## 3-13 പദ്ധതിമാർഗ്ഗരേഖയിൽ നിന്ന് വ്യതിചലിച്ച് ജൈവവളത്തിന് സബ്സിഡി നൽകി- ₹42188/- ചെലവ് നിരാകരിക്കുന്നു

പദ്ധതി : ജൈവവളം വിതരണം എസ്.ഒ. 102/17

അടങ്കൽ

വികസനഫണ്ട് : 4030000

ഗുണഭോക്തൃവിഹിതം : 1000000

ചെലവ് : ബിൽ നം. 6/16-17/31.03.2017/ തുക ₹3089063/-

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 11.01.16 ലെ ജി.ഒ.(എം.എസ്.) 4/2016 പ്രകാരം നാമമാത്ര കർഷകർക്ക് (അതായത് 1 ഹെക്ടറിൽ കുറവ് സ്ഥലമുള്ളവർക്ക്) മാത്രമാണ് ജൈവവള വിതരണത്തിനുള്ള സബ്സിഡി അനുവദനീയമായത്. എന്നാൽ താഴെപറയുന്ന നാല് ഗുണഭോക്താക്കൾക്ക് ഒരു ഹെക്ടറിൽ കൂടുതൽ

ഭൂമിയുണ്ടെന്ന് അവരുടെ അപേക്ഷയിൽ ഗുണഭോക്താക്കൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇത് പരിഗണിക്കാതെ ടി ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് വിവരം | സ്ഥലവിസ്തീർണ്ണം ഏക്കർ | വളം വാങ്ങിയത് | സബ്സിഡി നൽകിയത് |
|---|---|---|---|---|
| 1 | ജോർജ് ജോസഫ്, കൈയാണിയിൽ | 4.87 | 400 കി.ഗ്രാം. | 7500 |
| 2 | പി.ഡി. മാത്യു, പുതുപ്പറമ്പിൽ | 4.80 | 250 കി.ഗ്രാം. | 4688 |
| 3 | ഫിലോമിന ജോസഫ്, പള്ളിയാടിയിൽ | 4.45 | 800 കി.ഗ്രാം. | 15000 |
| 4 | ജോയി ജേക്കബ്, പൂവത്തിങ്കൽ | 5 | 800 കി.ഗ്രാം. | 15000 |
| ആകെ | | | | 42188 |

സബ്സിഡി മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി 1 ഹെക്ടറിൽ കൂടുതൽ സ്ഥലവിസ്തീർണ്ണമുള്ളവർക്ക് ജൈവവളത്തിന് നൽകിയ സബ്സിഡി ₹42188/- ഓഡിറ്റിൽ നിരാകരിക്കുന്നു. ഇത് ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ, തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 1-ാം വാർഡ് മുതലയാർ എസ്റ്റേറ്റ് വഴിവിളക്ക് ലൈൻ ദീർഘിപ്പിക്കൽ പൂർത്തീകരണം | 21601501/31-3-17 | 2,73,400/- | 00 | 00 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ.

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ്-23 പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1997-98 | 3-39 | 2000-01 | ക്ലബുകൾക്ക് വർത്തമാന പത്രം | |
| | 3-42 | 2000-01 | പദ്ധതി നിർവ്വഹണത്തിൽ വ്യാപക അഴിമതി | |
| | 3-42(1) | 2000-01 | കുഴൽ കിണർ നിർമ്മാണം | |
| | 3-42(2) | 2000-01 | സിനി സ്റ്റുഡിയോ പാറമട റോഡ് നിർമ്മാണം | |
| | 3-42(3) | 2000-01 | ടെയ് ലറിംഗ് യൂണിറ്റ് | |
| | 3-42(4) | 2000-01 | ടെലിവിഷൻ പ്രോജക്ട് | |
| | 3-42(5) | 2000-01 | ഏഴാം വാർഡിലെ ജലസേചന പദ്ധതി | |
| | 3-42(6) | 2000-01 | കാപ്പിപ്പൊടി നിർമ്മാണ യൂണിറ്റ് | |
| | 3-42(7) | 2000-01 | ഓട നിർമ്മാണം | |
| | 3-42(8) | 2000-01 | അർണ്ണക്കൽ ക്ഷേത്രം - ശബരിമല റോഡ് ടാറിംഗ് | |
| 2003-04 | 2-1 | 2006-07 | രജിസ്റ്ററുകൾ യഥാവിധി പരിപാലിക്കാത്തത് | |

| | | | | |
|---|---|---|---|---|
| 2006-07 | 3-7 | 2010-11<br>5.2.21(1) | ജലസേചന പദ്ധതിക്ക് പാഴ്ച്ചെലവ് | |
| 2006-07 | 3-8 | 2010-11<br>5.2.21(2) | ജലസേചന പദ്ധതി – പാഴ്ച്ചെലവ് | |
| | ലഘു അവലോകന റിപ്പോർട്ട് | 2014-15<br>4.1.14 | ഇ-ടോയ് ലെറ്റുകളും ശൗചാലയങ്ങളും പ്രയോജനപ്പെടുത്തുന്നില്ല | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 11,30,16,375 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 12,02,67,508 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 59288 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3502226 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 17100 | ശ്രീമതി. ലിനറ്റ് ജോർജ്, കൃഷി ഓഫീസർ |
| 3-13 | | 42188 | ശ്രീമതി. ലിനറ്റ് ജോർജ്, കൃഷി ഓഫീസർ |
| | | 59288 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1(1) | 93950 | ശ്രീ.പി വിജയകുമാർ,സെക്രട്ടറി |
| 3-1(2) | 218864 | ഡോ.ക്രിസ് ആന്റണി<br>മെഡിക്കലാഫീസർ,ആയുർവ്വേദം |
| 3-1(3) | 300000 | ഡോ.ഡോൺ ബോസ്കോ,<br>മെഡിക്കലാഫീസർ, സി.എച്ച്.സി |
| 3-3 | 273400 | ശ്രീ.പി വിജയകുമാർ,സെക്രട്ടറി |
| 3-4 (1), (2) | 1774569 | ശ്രീ.പി വിജയകുമാർ,സെക്രട്ടറി |
| 3-4 (3) | 210738 | ശ്രീ. ജോർജ് ജോസഫ്, സെക്രട്ടറി |
| 3-5 | 630705 | ശ്രീ.റ്റി.ആർ രമേശൻ,<br>അസിസ്റ്റന്റ് എഞ്ചിനിയർ |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ലിനറ്റ് ജോർജ്, കൃഷി ഓഫീസർ | വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് | പനമ്പള്ളിൽ വീട്,<br>മണർകാട് പി.ഒ., കോട്ടയം |
| ശ്രീ. പി. വിജയകുമാർ, | സെക്രട്ടറി,<br>മറയൂർ ഗ്രാമപഞ്ചായത്ത് | ഇ.പി.എൻ. ഹൗസ്,<br>ഇടിച്ചക്കപ്ലാമൂട്, പാറശ്ശാല, |

| | | |
|---|---|---|
| സെക്രട്ടറി | | തിരുവനന്തപുരം |
| ശ്രീ.റ്റി.ആർ. രമേശൻ, എ.ഇ. | എ.ഇ. വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് | തുമ്പ്രാത്ത്കുടിയിൽ, ഭൂതത്താൻകെട്ട്, ചെങ്കര, എറണാകുളം |
| ഡോ.ക്രിസ് ആന്റണി | മെഡിക്കലാഫീസർ, ആയൂർവേദം | TC6/429 VARA 261 മുളമൂട് ലൈൻ, വട്ടിയൂർക്കാവ് പി.ഒ. തിരുവനന്തപുരം |
| ഡോ.ഡോൺ ബോസ്കോ, | മെഡിക്കലാഫീസർ, സി.എച്ച്.സി. | ചെന്നാത്തറ ഹൗസ്, അർത്തുങ്കൽ പി.ഒ. ചേർത്തല |
| ജോർജ്ജ് ജോസഫ്, സെക്രട്ടറി | സെക്രട്ടറി, വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് | തൊട്ടിയിൽ വീട്, തട്ടക്കുഴ പി.ഒ. തൊടുപുഴ, 685581 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

താഴെ കൊടുത്തിരിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാകാതെ അവശേഷിക്കുന്നു. തടസ്സങ്ങൾ പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1968-69 | എൽ.എഫ്.ഐ-5/964/80/20.02.1997 |
| 1996-97 | എൽ.എഫ്.ഐ-6/401/98/30.01.1999 |
| 1997-98 | എൽ.എഫ്.ഐ-6/25/2000/28.09.2000 |
| 1998-99 | എൽ.എഫ്.ഐ-6/131/01/13.09.2001 |
| 1999-00 | എൽ.എഫ്.ഐ-6/550/01/31.08.2002 |
| 2000-01 | എൽ.എഫ്.ഐ-6/737/02/27.06.2003 |

| | |
|---|---|
| 2001-02 | എൽ.എഫ്.ഐ-6/718/03/13.10.2004 |
| 2002-03 | എൽ.എഫ്.ഐ-6/456/05/07.02.2006 |
| 2003-04 | എൽ.എഫ്.ഐ-6/863/06/01.03.2007 |
| 2004-05 | എൽ.എഫ്.ഐ-6/933/07/05.04.2008 |
| 2005-06 | എൽ.എഫ്.ഐ-6/488/08/12.01.2008 |
| 2006-07 | എൽ.എഫ്.ഐ-6/100/10/03.09.2010 |
| 2007-08 | എൽ.എഫ്.ഐ-6/100/10/03.09.2010 |
| 2008-09 | എൽ.എഫ്.ഐ-8/1223/11/15.06.2012 |
| 2009-10 | എൽ.എഫ്.ഐ-8/875/12/01.02.2013 |
| 2010-11 | എൽ.എഫ്.ഐ-8/294/13/08.10.2013 |
| 2011-12 | എൽ.എഫ്.ഐ-8/75/14/12.08.2014 |
| 2012-13 | എൽ.എഫ്.ഐ-8/85/15/10.06.2015 |
| 2013-14 | കെ.എസ്.എ.-ഐ.ഡി.കെ. 8/1140/15/തീ.29.10.2015 |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ-8/265/16/തീ.18.04.2016 |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ-8/1567/16/തീ.9.01.2017 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം 1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-ഐ.ഡി.കെ-6/1158/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
തീയതി :29.08.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 -ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

KSAIDK/6/1158/2017

Kerala State Audit Department
District Audit Office
Idukki, Thodupuzha
Dated: 29.08.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Vandiperiyar Grama Panchayat in Idukki District for the year ended on 31.3.2017 in accordance with Sn4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994 ,the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institution.

In my opinion, the Financial Statements of Vandiperiyar Grama Panchayat for the year 2016-17 except the observations in my Audit Report properly presents the picture of income & expenditure.

DEPUTY DIRECTOR